**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2303** **21-01-2021 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | Dr. T. M. Thomas Isaac (ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | കൊറോണയുടെ പശ്ചാത്തലത്തിൽ സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ലഘൂകരിക്കുന്നതിനായി സംസ്ഥാന ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും ഒരു മാസത്തെ ശമ്പളം ഘട്ടം ഘട്ടമായി താത്കാലികമായി മാറ്റിവയ്ക്കുന്നതിന് തീരുമാനമെടുക്കുന്നതിനായി സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ചുചേർത്തിരുന്നോ ; ഏതൊക്കെ സംഘടനകളാണ് ഈ തീരുമാനത്തെ എതിർത്തത്; ഗവൺമെന്റിന്റെ ഈ തീരുമാനത്തിനെതിരെ ഏതെങ്കിലും സംഘടനകൾ കോടതിയിൽ ചോദ്യം ചെയ്തിരുന്നോ; ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകൾ; | (എ) | കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിന്റെ ഒരു ഭാഗം (20%) അതായത് 6 ദിവസത്തെ ശമ്പളം 5 മാസത്തേയ്ക്ക് (2020 ഏപ്രിൽ മുതൽ 2020 ആഗസ്റ്റ് വരെ) മാറ്റിവയ്ക്കുന്നതിന് സർക്കാർ 30.04.2020-ലെ സ.ഉ.(അ)നം.53/2020/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഘട്ടത്തിൽ സംഘടനകളുടെ യോഗം സർക്കാർ വിളിച്ചിരുന്നില്ല. എന്നാൽ കേരള എൻ.ജി.ഒ അസോസിയേഷൻ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സംഘടനകൾ സർക്കാരിന്റെ ഈ തീരുമാനത്തെ കോടതിയിൽ ചോദ്യം ചെയ്തിരുന്നു. മാറ്റിവച്ച ശമ്പളം 25.10.2020-ലെ സ.ഉ.(അ)നം.140/2020/ധന. പ്രകാരം തിരികെ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മാറ്റിവെച്ച ശമ്പളം തിരിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്ങനെ ;വിശദീകരിക്കാമോ ; | (ബി) | കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിന്റെ ഒരു ഭാഗം (20%) അതായത് 6 ദിവസത്തെ ശമ്പളം 5 മാസത്തേയ്ക്ക് (2020 ഏപ്രിൽ മുതൽ 2020 ആഗസ്റ്റ് വരെ) മാറ്റിവയ്ക്കുന്നതിന് സർക്കാർ 30.04.2020-ലെ സ.ഉ.(അ)നം.53/2020/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഘട്ടത്തിൽ സംഘടനകളുടെ യോഗം സർക്കാർ വിളിച്ചിരുന്നില്ല. എന്നാൽ കേരള എൻ.ജി.ഒ അസോസിയേഷൻ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സംഘടനകൾ സർക്കാരിന്റെ ഈ തീരുമാനത്തെ കോടതിയിൽ ചോദ്യം ചെയ്തിരുന്നു. മാറ്റിവച്ച ശമ്പളം 25.10.2020-ലെ സ.ഉ.(അ)നം.140/2020/ധന. പ്രകാരം തിരികെ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഇതുവരെ (ശനിയാഴ്ച ഉൾപ്പെടെ) എത്ര അവധി ദിവസങ്ങൾ നൽകുകയുണ്ടായി; ശനിയാഴ്ചത്തെ അവധി ഇനിയും തുടരുമോ ? | (സി) | 20.03.2020-ല സ.ഉ.(സാധാ.)നം.1247/2020/ പൊ.ഭ.വ. നമ്പർ പ്രകാരം കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി ശനിയാഴ്ചകൾ അവധി ദിനങ്ങളായിരിക്കും എന്ന് തീരുമാനിക്കുകയുണ്ടായി. 13.01.2021-ലെ സ.ഉ. (എം.എസ്)16/2021/പൊ.ഭ.വ. നമ്പർ പ്രകാരം ഈ തീരുമാനം പുന:പരിശോധിച്ച് പൂർവ്വസ്ഥിതിയിലാക്കി. 20.03.2020 മുതൽ 13.01.2021 വരെയുള്ള കാലയളവിലെ ശനിയാഴ്ചകൾ (പത്ത് രണ്ടാം ശനിയാഴ്ചകളും നാല് പൊതു അവധികളും ഒഴികെയുള്ള 28 ശനിയാഴ്ചകൾ) ഒഴികെ കൊറോണ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി പൊതു അവധികൾ ഒന്നുംതന്നെ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ